# നർമ്മദ – അന്തിമസമരത്തിന് തുടക്കമായി

നർമദാതാഴ്‌വരയിൽ മറ്റൊരു വെള്ളപ്പൊക്കത്തിന്റെ തിരയിളക്കം ആരംഭിച്ചിരിക്കുകയാണ്. സുപ്രീംകോടതിയുടെ പ്രോൽസാഹനത്തോടും തിട്ടൂരത്തോടും കൂടിയാണ് ഇപ്രാവശ്യം മനുഷ്യത്വമില്ലാത്തതും നിയമം വിട്ടതുമായ ഈ ദുരന്തം വരുന്നതും.

93 മീറ്റർ വരെ അണക്കെട്ടിന്റെ ഉയരം കൂട്ടിയത് വീടുകളും കൃഷിസ്ഥലങ്ങളും പ്രകൃതിസ്രോതസ്സുകളും നശിപ്പിക്കും. ഗുജറാത്ത്, മഹാരാഷ്ട്ര, മധ്യപ്രദേശ് എന്നിവിടങ്ങളിലെ 5000 ഗോത്രവർഗ്ഗ കുടുംബങ്ങളുടേയാണിത്. മഴ കൂടുതലുണ്ടെങ്കിൽ നർമദാ താഴ് വരയിലെ ഗോത്രവർഗ്ഗക്കാർ മുഴുവനും ഒരു പക്ഷേ ഇടച്ച മാറ്റപ്പെട്ടേക്കാം. ഇത്തവണ മധ്യപ്രദേശിലെ നിമാഡ് പ്രദേശത്തെ ഫലഭൂയിഷ്ഠഭൂമികൾ കൂടി മുങ്ങിപ്പോയേക്കാം. ദേവാസ്, കോയിൽ-കാത, കാശ്ശിപ്പൂർ എന്നിവിടങ്ങളിലെ ആദിവാസിഹത്യകളേപ്പോലെ ഏറ്റവും വലിയ നരഹത്യയാണ് നർമദാതീരത്ത് സംഭവിക്കാൻ പോവുന്നത്.

അണക്കെട്ടിന്റെ ഉയരം 90 മീറ്റർ (മൂന്നു മീറ്റർ ചരിവും) ഉയർത്തിക്കൊണ്ട് സർക്കാർ വെള്ളപ്പൊക്കം ക്ഷണിച്ചുവരുത്തിയിരിക്കുകയാണ്. എൻ.സി.എ.യുടെ (നർമ്മദാ കൺട്രോൾ അതോറിറ്റി) പുനരധിവാസ-പരിസ്ഥിതി- ഉ ഗ്രൂപ്പുകളുടെ തീരുമാനത്തെ - സുപ്രീം കോടതി വിധിയെത്തന്നെ മറി കടന്നാണ് ഇത്. അണക്കെട്ടിന്റെ എല്ലാ അടിസ്ഥാനപ്രശ്നങ്ങളും - ചിലവു നേട്ടവിശകലനം, കടിയൊഴിക്കൽ, പുനരധിവാസം, പരിസ്ഥിതിപരം എല്ലാം - ഇപ്പോഴും ഉത്തരമില്ലാതെ തുടരുന്നു. ആളുകൾ ഗ്രാമങ്ങൾ വിട്ടുപോകുന്നില്ല. 43700 കുടുംബങ്ങളിൽ പത്തു ശതമാനം പോലും മാറ്റിപ്പാർപ്പിക്കപ്പെട്ടിട്ടില്ല. കടിയൊഴിക്കൽ - മാറ്റിപ്പാർപ്പിക്കൽ എന്നിവയ്ക്ക് ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടില്ല. സർദാർ സരോവർ പദ്ധതിയിലെ ജലം കച്ചിലോ സൗരാഷ്ട്രയിലോ ഉള്ള വരൾച്ചാബാധിതപ്രദേശങ്ങൾക്കല്ല കിട്ടുന്നത്. ആദ്യപദ്ധതിക്ക് വിരുദ്ധമായി അണക്കെട്ടിൽ നിന്ന് ഒഴുകി വരുന്ന ജലം അഹമ്മദാബാദ്, ബറോഡാ നഗരങ്ങളിലേക്കാണ് എത്തിയത്. ഗുജറാത്തിന്റെ കൃഷി - ജലസേചന ബജറ്റിലെ 90% ചിലവാക്കിയതാണ് ഈ ഒരൊറ്റ പദ്ധതിക്ക്. എന്നിട്ടും എൻറോണിനെപ്പോലെ ഈ പദ്ധതിയും രാഷ്ട്രത്തിന്റെ സാമൂഹ്യസാമ്പത്തിക ബാധ്യതയായിരിക്കുകയാണ്. എന്നിട്ടും അധികാരികൾ 'ഒഴിച്ചുകൂടാനാവാത്ത'താണ് എന്ന പേരിൽ അടിസ്ഥാന പ്രശ്നങ്ങളും അതുയർത്തുന്നവരേയും അടിച്ചമർത്തുകയാണ്. സുപ്രീംകോടതി ഇതിൽ വളരെ കനത്ത കുറ്റം ചെയ്തു- ആദിവാസികൾ, കർഷകർ എന്നിവർക്കുള്ള നിയമപരമായ ഭരണഘടനാപരമായ അവകാശങ്ങൾ എടുത്തുമാറ്റി ജനങ്ങളെ അടിച്ചമർത്താനുള്ള ലൈസൻസ് സർക്കാരിന് കൊടുക്കുയാണവർ ചെയ്തത്. അണക്കെട്ടിന്റെ പണി നിർത്തുകയും അതിന്റെ എല്ലാ വശങ്ങളും പുനഃപരിശോധിക്കുകയും ചെയ്യേണ്ടത് ദേശീയതാല്പര്യമാണ്. നർമദാതീരത്തെ പണിതീർന്നതും പണി നടക്കുന്നതുമായ എല്ലാ പദ്ധതികളുടേയും കഥ ഇതുതന്നെ. ബർഗി, നർമദാസാഗർ, മഹേശ്വർ, മൻ ബഹുരാഷ്ട്ര കുത്തകകളുടെ താൽപര്യത്തിനുവേണ്ടി കർഷകരുടേയും ആദിവാസികളുടേയും താൽപര്യങ്ങൾ നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്.




അണക്കെട്ടിനും മനുഷ്യത്വരഹിതമായ കടിയൊഴിക്കലിനും നീതിയില്ലാത്ത വികസനത്തിനും എതിരെയുള്ള സത്യഗ്രഹത്തിന്റെ പുതിയ ഘട്ടം ജൂലായ് 5 ന് ജൽസിന്ധി (മധ്യപ്രദേശ്), ഭോംഖെഡി (മഹാരാഷ്ട്ര) എന്നിവിടങ്ങളിൽ ആരംഭിച്ചിരിക്കുകയാണ്. ബഡ് വാനിക്കടുത്തുള്ള ഛോട്ടീ കാസർവാഡിൽ ബാബാ ആംതേയുടെ വീടിനടുത്ത് 9 മുതൽ നിമാഡിലെ സത്യഗ്രഹവും ആരംഭിക്കും. ബാബാ ആംതേയും സത്യാഗ്രഹത്തിൽ പങ്കുചേരും. എല്ലായിടത്തും വെള്ളം പൊങ്ങുമ്പോഴും സത്യഗ്രഹികൾ വീട്ടിൽ തന്നെയിരിക്കാനാണ് തീരുമാനം.

ജൂലായ് 10 മുതൽ 12 വരെ കാസർവാഡിൽ ഐക്യദാർഢ്യ ഉപവാസം നടക്കും. അതിൽ പ്രമുഖ പ്രവർത്തകരും വ്യക്തികളും പങ്കെടുക്കും.